**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4257** **09-08-2021 - ൽ മറുപടിയ്ക്ക്**

**സങ്കൽപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവെർനസ് ഫോർ ലൈവ്ലിഹുഡ് പ്രൊമോഷൻ പദ്ധതി (SANKALP)സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ സവിശേഷതകളും പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ; | (എ) | ഉണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതി ആണ് സങ്കൽപ് (SANKALP - Skill Acquisition and Knowledge Awareness for Livelihood Promotion). നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. നൈപുണ്യ വികസന ത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഉന്നനില വാരമുള്ളതും, വിപണിയിൽ അനുയോജ്യ മായതുമായ പരിശീലനം ഉറപ്പ് വരുത്തുക, സംസ്ഥാനത്തെ നൈപുണ്യവികസന പദ്ധതി കളെ ഏകോപിപ്പിക്കുക, സ്ത്രീകൾ, പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ, ഭിന്ന ശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ വിഭാഗങ്ങൾക്ക് നൈപുണ്യവികസനത്തിൽ ഊന്നിയ തൊഴിലധിഷ്ഠിതപദ്ധതികൾ നടപ്പി ലാക്കുക തുടങ്ങിയവയാണ് ടി പദ്ധതിയുടെ ലക്ഷ്യം. ജില്ലാകളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റികൾ ജില്ലകളുടെ സവിശേഷതകൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായി തയ്യാറാക്കുന്ന ഡിസ്ട്രിക്ട് സ്കിൽ ഡവലപ്പ്മെന്റ് പ്ലാനുകളെ (DSDP) ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡവലപ്പ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും ഇത് നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടപ്പിലാക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് | (ബി) | സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; ഫണ്ട് ലഭ്യതയും വിതരണവും ഏത് വിധത്തിലാണെന്ന് വിശദമാക്കാമോ; | | സുഗമമായ നടത്തിപ്പിനായി ഡിസ്ട്രിക്ട് സ്കിൽ കോർഡിനേറ്റർമാരെ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസറുടെ കാര്യാലയവുമായി യോജിച്ചാണ് ജില്ലാ കോർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്. 2020-21 വർഷത്തെക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡവലപ്പ്മെന്റ് പ്ലാൻ (DSDP) കേന്ദ്ര സർക്കാരിന്റെ DSDP അവാർഡിന് പരിഗണിക്കുന്നതിനായി 13 ജില്ലകൾ സമർപ്പിച്ചു. 2021-22 വർഷത്തേക്കുള്ള ഡിസ്ട്രിക്ട് സ്കിൽ ഡവലപ്പ്മെന്റ് പ്ലാൻ (DSDP) ജില്ലകൾ തയ്യാറാക്കി വരുന്നുണ്ട്. ജില്ലകൾ സമർപ്പിക്കുന്ന പ്ലാനുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സ്കിൽ ഡെവലപ്പ്മെന്റ് പ്ലാൻ (SSDP) തയ്യാറാക്കുകയും, 2021 -22-ൽ പ്രസ്തുത പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ചുമതലകളും, ഡിസ്ട്രിക്ട് സ്കിൽ ഡവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും ബോധ്യപ്പെടുത്തുന്നതിനായി KASE ഉം കേന്ദ്ര സർക്കാരും സംയുക്തമായി ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി മെമ്പർമാർക്ക് വർക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സങ്കൽപ് പദ്ധതിയുടെ ഭാഗമായി കിലയുമായി (KILA) സഹകരിച്ചു കൊണ്ട് ആഗസ്റ്റ് - ഒക്ടോബർ മാസങ്ങളിൽ (2021) ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം നല്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുമായി സഹകരിച്ചുകൊണ്ട് ടി പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സങ്കൽപ് പദ്ധതിയുടെ പ്രവർത്തനത്തിനുള്ള ഫണ്ടിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെട്ടിരിക്കുന്നു. ഈ തുക കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാരിലേക്കും അത് വഴി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) SANKALP പദ്ധതിക്കായുള്ള പി.എഫ്.എം.എസ് (PFMS) ബാങ്ക് അക്കൗണ്ടിലേക്കും ലഭിക്കുന്നു. SANKALP പദ്ധതിയുടെ ആദ്യ ഗഡുവായി Rs.10,15,50,000/- രൂപ (പത്തു കോടി പതിനഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. കൂടാതെ സങ്കൽപ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലക്ക് മാത്രമായി 16.67 ലക്ഷം രൂപ ആസ്പിരേഷണൽ ഡിസ്ട്രിക്ട് പ്രോഗ്രാം (Aspirational District Programme)ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജില്ലാ സ്കിൽ കമ്മിറ്റികളുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു 1. ഡിസ്ട്രിക്ട് സ്കില്ലിംഗ് കമ്മിറ്റി യോഗങ്ങൾ കൂടുക 2. ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്പ്മെന്റ് പ്ലാൻ (DSDP) തയ്യാറാക്കുക. 3. ഹ്രസ്വകാല നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. 4. വിവിധ വ്യാവസായിക പങ്കാളികളുമായി സഹകരിച്ചുകൊണ്ട് ഹ്രസ്വകാല നൈപുണ്യ പരിശീലനം കഴിഞ്ഞവർക്കു തൊഴിൽ നല്കുന്നതിനായുള്ള ആവശ്യമായ ഇടപെടലുകൾ നടത്തുക. 5. ഹ്രസ്വകാല സ്കിൽ ട്രെയിനിങ്ങുമായി ബന്ധപ്പെട്ട് സംസ്ഥാനം നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ ജില്ലയിലെ മേൽനോട്ടം വഹിക്കുകയും വിലയിരുത്തുകയും ചെയ്യുക. 6. സങ്കൽപ് പദ്ധതിയുടെ അനുമതി ഉത്തരവിൽ പറയുന്ന മറ്റു പ്രവർത്തനങ്ങൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി (KASE) സഹകരിച്ചു കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുക. |
| (ഡി) | ജില്ലാ സ്കിൽ കമ്മിറ്റിയിൽ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകളും മറ്റ് വകുപ്പുകളും ഏതെന്ന് വ്യക്തമാക്കാമോ? | (ഡി) | ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്കിൽ കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലയുടെ താഴെ പറയുന്ന സർക്കാർ വകുപ്പുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ അംഗങ്ങളാണ് 1..ആസൂത്രണ വകുപ്പ് 2. പൊതുവിദ്യാഭ്യാസ വകുപ്പ് 3. സാമൂഹ്യ നീതി വകുപ്പ് 4.. തൊഴിലും നൈപുണ്യവും വകുപ്പ് 5. എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ് 6 യുവജന ക്ഷേമ വകുപ്പ് 7. തദ്ദേശ സ്വയംഭരണ വകുപ്പ് 8 ഫിഷറീസ് വകുപ്പ് 9. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് 10. വ്യവസായ വകുപ്പ് 11. ലീഡ് ബാങ്ക് 12. നബാർഡ് |

സെക്ഷൻ ഓഫീസർ